STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.100/PR/SPMC/PHQ/2022 Date:29.05.2022

## പോരുന്നോ പോലീസിലേയ്ക്ക് .....
## യുവതീയുവാക്കളെ ക്ഷണിച്ച് പോലീസ് സ്റ്റാൾ

ഏറെ വെല്ലുവിളികളും വിചിത്രമായ അനുഭവങ്ങളും ഒത്തുചേർന്നതാണ് ഓരോ പോലീസ് ഉദ്യോഗസ്ഥന്റേയും സർവ്വീസ് കാലഘട്ടം. ത്രില്ലടിപ്പിക്കുന്ന കുറ്റാന്വേഷണങ്ങൾ, പ്രതികൂല സാഹചര്യങ്ങൾ മറികടന്നുള്ള ക്രമസമാധാനപാലനം, ഗതാഗത ക്രമീകരണം, കരുതലോട് കൂടിയ ജനസേവനം എന്നിങ്ങനെ വ്യത്യസ്തതയേറിയ ജോലികൾ ചെയ്യാൻ തയ്യാറാണെങ്കിൽ നിങ്ങൾക്കും പോലീസ് ആകാം. രാജ്യത്തിനായി ആദർശധീരരായി ജോലി ചെയ്യാൻ ഓരോ ചെറുപ്പക്കാരനെയും പ്രോത്സാഹിപ്പിക്കുകയാണ് കേരളാ പോലീസ്. സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികം പ്രമാണിച്ച് തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരവളപ്പിൽ ഒരുക്കിയിരിക്കുന്ന എന്റെ കേരളം പ്രദർശനമേളയിലാണ് 'പോരുന്നോ പോലീസിലേയ്ക്ക് ' എന്നപേരിൽ യുവതീയുവാക്കളെ ക്ഷണിച്ചുകൊണ്ടുള്ള സ്റ്റാൾ ഒരുക്കിയിരിക്കുന്നത്.

കേവലം നിയമനിർവ്വഹണത്തിനുപരിയായി സമൂഹത്തിന് വേണ്ടി പ്രവർത്തിക്കാനുള്ള സുവർണ്ണാവസരം കൂടിയാണ് പോലീസ് ജോലി. പോലീസ് നിയമനത്തിന് ആവശ്യമായ കായികമാനദണ്ഡങ്ങൾ രസകരമായ കാരിക്കേച്ചറുകളിലൂടെയും വാചകങ്ങളിലൂടെയും ഇവിടെ അവതരിപ്പിച്ചിരിക്കുന്നു. പോലീസിൽ നിയമനം ലഭിക്കുന്നതിന് സ്ത്രീകളും പുരുഷൻമാരും ജയിച്ച് കയറേണ്ട കായിക ഇനങ്ങളും അവയുടെ വിശദമായ വിവരങ്ങളും പ്രദർശിപ്പിച്ചിട്ടുണ്ട്. കോൺസ്റ്റബിൾ, സബ്ബ് ഇൻസ്പെക്ടർ റാങ്കുകളിൽ നിയമിതരാകുന്ന ഉദ്യോഗസ്ഥരുടെ ശമ്പള സ്കെയിൽ ഉൾപ്പെടെ ഇവിടെനിന്ന് അറിയാം.

സ്വന്തം കായികക്ഷമത പരീക്ഷിക്കണം എന്ന് കരുതുന്നവർക്ക് അതിനും അവസരമുണ്ട്. പുഷ്-അപ്പ്, ചിൻ-അപ്പ്, സ്കിപ്പിംഗ് എന്നിവ ചെയ്തുകാണിച്ച് ശക്തി തെളിയിക്കാം. കായികക്ഷമത പരീക്ഷിച്ച ശേഷം പോലീസ് യൂണിഫോമിൽ ഒരു ഫോട്ടോയുമാകാം. പോലീസിനെ കൂടുതൽ ജനസൗഹൃദമാക്കുന്ന സ്റ്റാളിൽ ചിട്ടയായ വ്യായാമ ശീലങ്ങൾ പാലിച്ച് കായികക്ഷമ വർദ്ധിപ്പിക്കാനുള്ള നുറുങ്ങുകൾ പോലീസ് ഉദ്യോഗസ്ഥർ പകർന്നുനൽകും.

**ഫോട്ടോക്യാപ്ഷൻ** : സർക്കാരിന്റെ ഒന്നാം വാർഷികം പ്രമാണിച്ച് തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരവളപ്പിൽ ഒരുക്കിയിരിക്കുന്ന എന്റെ കേരളം പ്രദർശനമേളയിലെ 'പോരുന്നോ പോലീസിലേയ്ക്ക് ' എന്ന പോലീസ് സ്റ്റാളിൽ നിന്നുള്ള വിവിധ ദൃശ്യങ്ങൾ.

***************************